## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4133 27/06/2012 ൽ മറുപടിക്ക്

### തിരുവനന്തപുരം മൃഗശാലയിലെ താൽക്കാലിക നിയമനം

ചോദ്യം ഉത്തരം

ശ്രീ. ബി. സത്യൻ

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം തിരുവനന്തപുരം മൃഗശാലയിൽ എംപ്ലോയ് മെന്റ് എക്സ്ചേഞ്ച് മുഖേന എത്ര പേർക്ക് താൽക്കാലികാടിസ്ഥാനത്തിൽ ജോലി നൽകിയിട്ടുണ്ട് ; തസ്തിക തിരിച്ച് വ്യക്തമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം മൃഗശാലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ ആർക്കും ജോലി നൽകിയിട്ടില്ല.<br><br>തിരുവനന്തപുരം മ്യൂസിയം മൃഗശാല ഓഫീസിൽ താഴെപറയുന്ന രണ്ട് തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടുണ്ട്.<br><br>1) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് (179 ദിവസം പൂർത്തിയാക്കിയതിനാൽ ജോലിയിൽ നിന്നും വിടുതൽ ചെയ്തു.)<br><br>2)എൽ.ഡി.ക്ലാർക്ക്(പ്രസവാവധിയിൽ പ്രവേശിച്ചതുമൂലമുണ്ടായ ഒഴിവ്) അവധി കഴിഞ്ഞ് ജോലിയിൽ പ്രവേശിച്ച മുറയ്ക്ക് ജോലിയിൽ നിന്നും വിടുതൽ ചെയ്തു. |
| (ബി) | ദിവസവേതനാടിസ്ഥാനത്തിൽ എത്ര പേർക്ക് ജോലി നൽകിയിട്ടുണ്ട് ; തസ്തിക തിരിച്ച് വ്യക്തമാക്കാമോ ; | (ബി) | തിരുവനന്തപുരം മൃഗശാലയിൽ കീപ്പർമാരുടെ ഒഴിവുള്ള 16 തസ്തികയിൽ 32 പേർ ദിവസവേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്നു. ഒരാൾക്ക് ഒരു മാസം ശരാശരി 15 ദിവസം ജോലി ലഭിക്കുന്നുണ്ട്. കൂടാതെ ഒരാൾ ഗാർഡനർ തസ്തികയിലും, ഒരാൾ പ്യൂൺ തസ്തികയിലും ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി നോക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത ജീവനക്കാരുടെ വേതനം, ഡ്യൂട്ടി സമയം എന്നിവ തസ്തിക തിരിച്ച് വ്യക്തമാക്കാമോ ? | (സി) | കീപ്പർ, ഗാർഡനർ തുടങ്ങിയവരുടെ ഡ്യൂട്ടി സമയം രാവിലെ 9 മുതൽ 12 വരെയും ഉച്ചയ്ക്ക് 2 മുതൽ 5 മണിവരെയും പ്യൂണിന്റെ ഡ്യൂട്ടി സമയം 10 മണി മുതൽ 5 മണി വരെയും ആണ്. സർക്കാർ നിശ്ചയിച്ചിട്ടുള്ള 300/- രൂപയാണ് ദിവസവേതനക്കാർക്ക് വേതനമായി നൽകുന്നത്. |

സെക്ഷൻ ഓഫീസർ